
ജ്വാല
ഇ മാസിക

G H S S KILIMANOOR

*presents*


*digital magazine*

# ജ്വാല

# GHSS KILIMANOOR



# Editorial Board







# സന്ദേശം

*നിത്യജീവിതത്തിൽ വിവരസാങ്കേതിക വിദ്യ വിസ്മയകരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ '**ജ്വാല**' എന്ന ഡിജിറ്റൽ മാഗസീൻ പോലൊരു പ്രസിദ്ധീകരണത്തിന് പ്രസക്തിയേറുന്നു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ യാഥാർഥ്യമാക്കാൻ സാധിച്ചത് നിരവധി പേരുടെ കൂട്ടായ പ്രവർത്തനം മൂലമാണ്. സാങ്കേതിക വിദ്യയുടെ സാധ്യതകൾ കൈയെത്തിപ്പിടിക്കാനുള്ള ആദ്യ ചുവടെന്ന നിലയിൽ ഈ ഡിജിറ്റൽ മാഗസീന് എല്ലാവിധ ആശംസകളും നേരുന്നു.*

**സസ്നേഹം**

**ശ്രീമതി. സാഹിലാ ബീവി**

**(ഹെഡ്മിസ്ട്രസ്)**

കിളിമാനൂർ ഗവ.എച്ച്.എസ്സ്.എസ്സ് ന്റെ ചരിത്രത്തിൽ ആദ്യമായി '**ജ്വാല**' എന്ന ഡിജിറ്റൽ മാഗസീൻ പുറത്തിറങ്ങുകയാണ്. കുരുന്നുകളുടെ പ്രതിഭയും വിവരസാങ്കേതിക വിദ്യയും ഒന്നിക്കുന്ന ഈ ആദ്യ ചുവടുവയ്പ്പ് മഹത്തരവും പൂർണ്ണവുമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. അറിഞ്ഞുകൊണ്ടല്ലെങ്കിലും പലതും വിട്ടു പോയിട്ടുണ്ടാകാം. എങ്കിലും കൗമാര മനസുകളുടെ സ്വപ്നങ്ങൾ ഈ താളുകളിൽ ചേർത്തുവയ്ക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്. ആദ്യ ചുവടുവയ്പ്പ് മാത്രമാണിതെന്ന ഓർമപ്പെടുത്തലോടെ '**ജ്വാല**' നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**ശ്രീജ(കൈറ്റ് മിസ്ട്രസ്)**

**റാസി(കൈറ്റ് മാസ്റ്റർ)**


# താളുകളിൽ ...

വരകളും വർണ്ണങ്ങളും
സൈനികൻ
മലിനീകരണം
ഒരു നഷ്ടകാലത്തിനേർമ
MY FRIEND
ശാസ്ത്രമേള
കലോൽസവം
SPEECH
പ്രകൃതിമനോഹരി
യാത്രാവിവരണം
IMPORTANCE OF READING
കാലം

# വരകളും വർണ്ണങ്ങളും.....







# സൈനികൻ

ചൂടും തണുപ്പും,പരസ്പരം ധരണിയിൽ
വീറോടെ വന്ന് എതിർക്കുന്നോ-
രതിർത്ഥിയിൽ ജീവൻ
തുലാസിൽ കുടഞ്ഞിട്ടും നാടിന്റെ
മാനസ്സത്തിനായി ആയുധം പേറുന്ന-
സൈനികൻ
ഇന്ന് തൊട്ടെന്റെ മാത്രം പുത്രനല്ല നീ
ഇന്ത്യ സമസ്തത്തിനും പുത്രനാണു നീ
എന്നൊരു അമ്മപേച്ചിൽ എല്ലാം മറന്നുവന്നു
ഇന്ത്യയെ വരിപുണർന്നവൻ സൈനികൻ
ജീവിതഭാണ്ടങ്ങൾ ഏറെ; പിന്നിലെ
കണ്ണീരൊഴുക്കായി അവൾതേങ്ങി
ഇതൊന്നും കാണാതെ കണ്ണചിമ്മുമ്പോഴും
തപ്തവാർദ്ധക്യത്തിൽ അമ്മയ്ക്കും
അച്ഛനും തൊട്ടടുത്തില്ലാതെ ദൂരെ-
യായി പോകുമ്പൊഴും
എന്നെ വിദ്യലയത്തിൽ കൊചെന്ന്
ആക്കുവാൻ എൻ അച്ഛൻ എന്തേ
വരാനെന്നു കേഴുന്ന കുഞ്ഞിന്റെ
വാശിക്ക കഥകളെ വെയ്യുന്നകണ്ണനീർ-
കത്തുകൾ
കൺ നനക്കുമ്പോഴും വണ്ണത്രയത്തിന്റെ
പതാകയല്ലാതെ മറ്റൊന്നിനും
മനസ്സിൽ ഇടം കൊടുക്കാത്തവർ

arun 9h

# ഒരുനഷ്ടകാലത്തിനോർമ..

മഴയായ് വിതുമ്പിയോ കാർമേഘമിനിയെന്നും
മഴയായ് വിതുമ്പുമോ വസന്തകാലത്തിനായ്
പറയാതെ പോയൊരുവസന്തത്തിനോടി
നീയൊന്ന് ചൊല്ലുവാനാകില്ലെനിക്കെന്നും
അറിയാതെ പോയൊരാവസന്തകാലമിനി
വരികില്ലെന്നുമേ നഷ്ട കാങ്ങളായ്
ഒരു നഷ്ട കാലത്തിനോർമയായ് നീയിന്ന്
മഴയായ് പൊഴിഞ്ഞതെൻ അകതാരിലായ്
വരികില്ലെന്നൊരാ വാക്കിന്ന് ചൊല്ലിയോ
വിട ചൊല്ലുവാനായ് നീമഴയായ് പൊഴിഞ്ഞുവോ
ഒരു കുഞ്ഞു തുള്ളിയെന്നുള്ളിൽ പതിഞ്ഞു പോയ്
അറിയാതെയിരുന്നോരെന്റെയുള്ളം പിടഞ്ഞുപോയ്
അറിയുന്ന ഞാനാ വസന്തകാലത്തിനെ
അകലങ്ങളിൽ പോയ് മറഞ്ഞൊരാവസന്തത്തെ
അകലെയായ് നീയിന്ന് മാഞ്ഞു പോയെപ്പൊഴോ
അറിയുന്ന ഞാനെന്റെയുള്ളം വസന്തമേ
മഴയായ് വിതുമ്പുന്ന കാർമേഘമേ, നിനക്കാകുമോ
നഷ്ട വസന്തത്തെ തിരികെ വിളിക്കുവാൻ

പൂർണിമ 9 H

# *My friend*

**you always make me smile....**
**Even through you are**
**a will always remain**
**in my heart and**
**with no means will  we part..**
**I  know you will never go away,**
**Even when things are**
**not on my way ......**
**A friend is like you**
**so sweet and true**
**you are the one ,fills our lives with, beauty, joy,**
**and grace**
**A friend is like  you**
**So sweet and true**
**you are the one ,fills our**
**lives with beauty,joy and grave**
**A friend  makes the world we live**
**in, a better and happier peace**
**Thank you  for being my friend**

**By**
***Priya nanda***

**SASTHRAMELA**



## KALOLSAVAM




ഗവ: എച്ച്.എസ്.എസ് കിളിമാനൂർ
ഫോൺ : 0470 2673055
കേരള
സ്കൂൾ
കലോത്സവം
ഒക്ടോബർ 11 12
നന്ദി ...
കലയുടെ രണ്ടു പകലുകൾക്ക്
നിറം പകർന്നവർക്ക് ..

**Speech**

# Importance of nature

Good morning everyone I am standing before to talk about my topic nature . Nature is the world around us . We the human being depend on the nature every time for energy thing like natural resources. Many people admire the beauty of the nature and even they write many novels and poem on it because the beauty of the nature can't be express in one sing through or saying. The nature provide the humans ,animals,and all the living beings on the earth a pole to live the nature is the world around us. I said before only but we the human beings are destroying it by using it's resources in a wrong way and exploiting it. The nature is now totally getting destroyed because of this pollution the global warming is destroyed all the natural resources and even the nature. The nature is an good place to be peace fully , but we human,destroy it for our live hood for our living hood ,for our living place and for food . The nature would be good only when the human beings don't destroy it and take care of it very well.

By pooja.R
*9:k*



# <u>പ്രകൃതി മനോഹരി</u>

നിറമുള്ള ചേലചുറ്റി എന്നെ തഴുകി കടക്കും
പ്രകൃതി എത്ര മനോഹരി
നിൻ കണ്ണിലെ കുളിർ നീരുറവ
എന്റെ  ദുഃഖത്തെയണക്കുന്നു
ശലഭമായ് പറന്നു നിൻ സ്നേഹം നുകർന്നു ഞാൻ
ജീവിത ലക്ഷ്യം നേടിടട്ടെ
നിൻ മടിത്തട്ടിൽ തുള്ളി കളിക്കുമോ മൃഗങ്ങൾ തൻ
ആനന്ദം  ശ്രവിച്ചീലയോ
നിന്നിൽ ഒഴുകുമോ പുഴയിൽ ലയിക്കുവാൻ
ചെറു മത്സ്യമായ് ഞാൻ പറന്നീടട്ടെ
അല്ല
യോ പ്രകൃതി നിൻ വാത്സല്യം തേടി
കഴമാഭ്രമിതൽ തേങ്ങൽ കേട്ടീലയോ
പ്രകൃതി നീ മണി വീണമീട്ടിയാൽ എൻ
ഹൃദയമുണർന്നു  പാടുന്നു.

*Akash shaji*

*9 H*

# *മലിനീകരണം*



## അന്തരീക്ഷമലിനീകരണം

മനുഷ്യനോ ആവാസ വ്യവസ്ഥയ്ക്ക് തന്നെയോ ഹാനികരമായി ബാധിയ്ക്കുന്ന വായുവിലെ പദാർഥങ്ങളാണ് അന്തരീക്ഷ മലിനീകാരികൾ . ഇവ പലപ്പോഴും നൈസർഗികമോ മനുഷ്യ നിർമിതമോ ആയ ഖര പദാർത്ഥങ്ങളോ , ദ്രാവക തുള്ളികളോ , വാതകങ്ങളോ ആണ്.മലിനീകാരികളെ പ്രധാനമായും പ്രാഥമിക മലിനീകാരികൾ ( പ്രൈമറി പൊല്യൂട്ടൻസ് ) എന്നും ദ്വിതീയ മലിനീകാരികൾ ( സെക്കന്ററി പൊല്യൂട്ടൻസ് ) എന്നും രണ്ടായി തരം തിരിച്ചിരിയ്ക്കുന്നു .

അഗ്നി പർവ്വത സ്ഫോടനങ്ങളിൽ നിന്നുള്ള ചാരങ്ങളായും വാഹനങ്ങളിൽ നിന്നും കാർബൺ മോണോക്സൈഡ് വാതകമായും ഫാക്ടറികളിൽ നിന്നും സൾഫർ ഡയോക്സൈഡ് സംയുക്തമായും പ്രാഥമിക മലിനീകാരികൾ അന്തരീക്ഷത്തിൽ എത്തിച്ചേരുന്നു .ദ്വിതീയ മലിനീകാരികൾ സാധാരണയായി അന്തരീക്ഷത്തിൽ നേരിട്ട് ലയിക്കുന്നില്ല . ഇവ പ്രാഥമിക മലിനീകാരികളുടെ പരസ്പര സമ്പർക്കം മൂലം രൂപം കൊള്ളുന്നവയാണ് .ഭൗമോപരിതലത്തിന് സമീപം കാണപ്പെടുന്ന ഓസോൺ സംയുക്തം ഇതിന് ഒരു ഉദാഹരണമാണ്. എന്നാൽ ചില പദാർത്ഥങ്ങൾ പ്രാഥമിക ദ്വിതീയ മലിനീകാരികളായി ഒരേ സമയം വർത്തിയ്ക്കാറുണ്ട് .ഇവ നേരിട്ട് വായുവിൽ കലരുന്നവയോ മറ്റു പ്രാഥമിക മലിനീകാരികളുമായുള്ള സമ്പർക്കത്താൽ രൂപം കൊള്ളുന്നവയോ ആണ്. .

## ശബ്ദമലിനീകരണം

മനുഷ്യന്റെയോ, മൃഗത്തിന്റെയോ, യന്ത്രസാമഗ്രികളുടെയോ പ്രവർത്തനത്താൽ

സൃഷ്ടിക്കപ്പെടുന്നതും മനുഷ്യന്റെയോ മറ്റുജീവികളുടെയോ സ്വൈരജീവിതത്തെ അഥവാ സംതുലനാവസ്ഥയെ താളംതെറ്റിക്കുന്നതുമായ അമിതവും അസഹ്യവുമായ ശബ്ദത്തെയാണ് **ശബ്ദമലിനീകരണം** എന്നു വിശേഷിപ്പിക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, അനാവശ്യമായതും കാതുകൾക്ക് അരോചകമായതുമായ ശബ്ദസൃഷ്ടിയാണ് ശബ്ദമലിനീകരണം.

വാഹനങ്ങളിൽ വിമാനം, തീവണ്ടി മുതലയാവയിൽ നിന്നുമുള്ള ശബ്ദം, യന്ത്രസാമഗ്രികൾ, ഉച്ചഭാഷണികൾ തുടങ്ങിയവയുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ശബ്ദം തുടങ്ങി, ശബ്ദമലിനീകരണത്തിന്റെ സ്രോതസ്സുകൾ നിരവധിയാണ്. നാഡീ-ഞരമ്പുകൾ ഹൃദയം തുടങ്ങിയ മനുഷ്യാവയവങ്ങൾക്ക് ക്ഷതംമേൽക്കുന്നതിനും മാനസിക പിരിമുറുക്കത്തിനും കേൾവിശേഷി നഷ്ടപ്പെടലിനും ശബ്ദമലിനീകരണം വഴിവെയ്ക്കും. അസ്വസ്ഥത, അരോചകം എന്നീ അർത്ഥങ്ങളുള്ള നൌസീസ് (nauseas) എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് നോയിസ് അഥവാ ഒച്ച എന്ന വാക്കുണ്ടാകുന്നത്.

# ജലമലിനീകരണം

അപകടകരമായ ഘടകങ്ങൾ നീക്കം ചെയ്യാതെ മാലിന്യങ്ങൾ നേരിട്ടോ അല്ലാതെയോ ജലാശയങ്ങളിലേക്ക് കലർത്തുമ്പോഴാണ് പൊതുവെ ജലമലിനീകരണം ഉണ്ടാകുന്നത്

## കാരണങ്ങൾ




ജലമലിനീകരണത്തിന് കാർബണികമോ അകാർബണികമോ ആയ പദാർത്ഥങ്ങൾ കാരണമാകുന്നു. ജലം മികച്ച ഒരു ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു. ഇത്

ജലമലിനീകരണസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ജൈവവിഘടനത്തിന് വിധേയമാകുന്ന കാർബണികവസ്തുക്കൾ ശുദ്ധീകരണപ്രക്രിയയിൽ സങ്കീർണ്ണങ്ങളായ കാർബണികതന്മാത്രകളെ സൂക്ഷ്മാണുക്കൾ വിഘടിച്ച് ഹാനികരമല്ലാത്ത പദാർത്ഥങ്ങളാക്കി മാറ്റുന്നു. ജലത്തിലെ ഓക്സിജനെ ഉപയോഗിക്കുന്നതിനാൽ ലയിച്ചുചേർന്ന പദാർത്ഥങ്ങളുടെ അളവ് കൂടുന്നതിനനുസരിച്ച് ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നു.

ഭക്ഷ്യവസ്തുക്കൾ, തുകൽ എന്നിവ സംസ്കരിക്കുന്ന ഫാക്റ്ററികൾ, ചായം, തുണിത്തരങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന ഫാക്റ്ററികൾ ഇവയെല്ലാം കാർബണികമാലിന്യങ്ങൾ ഉണ്ടാക്കുന്നവയാണ്. പാറകളിൽ അടങ്ങിയിരിക്കുന്ന കാരീയ ലവണങ്ങൾ പ്രകൃതിദത്തമായ ജലമലിനീകരണത്തിന് കാരണമാകുന്നു. കീടനാശിനികളും രാസവളങ്ങളും ജലസ്രോതസ്സുകളെ മലിനമാക്കുന്നു. ആധുനികകൃഷിരീതിയിൽ ശാസ്ത്രീയത അവലംബിക്കാത്തതിനാൽ യൂട്രോഫിക്കേഷൻ എന്ന പ്രതിഭാസവും ഉണ്ടാകുന്നു.

nandana 10F



# യാത്രാവിവരണം

കഴിഞ്ഞ വർഷം ഞാനും എന്റെ കുടുംബവും ചേർന്ന്
നമ്മുടെ സംസ്ഥാനത്തിന്റെ തെക്കേയറ്റവും ഇപ്പോൾ
തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരിയിലേക്ക്
വിനോദയാത്ര പോയിരുന്നു.
വെളുപ്പിന് വീട്ടിൽ നിന്ന് പുറപ്പെട്ട യാത്ര ഏകദേശം
അഞ്ചുമണിയോടുകൂടി കന്യാകുമാരിയിൽ എത്തിചേർന്നു അറബിക്കടൽ
ഇന്ത്യൻ മഹാസമുദ്രം
ബംഗാൾ ഉൾക്കടൽ എന്നി മൂന്ന് സമുദ്രങ്ങളുടെ സംഗമനമാണ് കന്യാകുമാരി.
ഞങ്ങൾ നയനാകർഷകമായ സൂര്യാസ്തമയം കാണാൻ കഴിഞ്ഞു. സുവർണ്ണതാലം പോലെ ചന്ദ്രബിംബം കിഴക്കൻ ചക്രവാളത്തിൽ കാണപ്പെട്ടു. പിറ്റേന്നരാവിലെ സൂര്യോദയവും കണ്ടതിന് ശേഷം വിവേകാനന്ദപാറയിലേയ്ക്ക് ഞങ്ങൾ യാത്ര തിരിച്ചു. ഭാരതത്തിൻെറ അഭിമാനമായ വിവേകാനന്ദ സ്വാമികൾ കടൽ നീന്തികടന്നുചെന്ന് ധ്യാനനിമഗ്നൻ കഴിച്ചുകൂട്ടിയ ആ പാറക്കെട്ട് വിവേകാനന്ദപാറ എന്ന പേരിൽ പ്രസിദ്ധമാണ്. വിവേകാനന്ദപാറയ്ക്ക് സമീപമായി ഈ അടുത്തകാലത്ത് പണികഴിപ്പിച്ച പ്രസിദ്ധ സംഘകവിയായിരുന്ന തിരുവള്ളുവരുടെ പ്രതിമയും ഏറെ ആകർഷകമായിരുന്നു. പ്രകൃതിയുടെ ഉദയാസ്തമയവും സൗന്ദര്യം നിറഞ്ഞതുമായ ആ ധ്യാമഭ്രമിയിൽ നിന്ന് മറക്കാനാവാത്ത സ്മരണകളുമായി ഞങ്ങൾ മടങ്ങി.

അമൃത ഷാജി

# IMPORTANCE OF READING

Books can become our good friends. Because, our friends may sometimes refuse to help us, before of illness or before of other causes. But books are always have knowledge to help us. We can go interior of books and also we can relax from other problems . Also reading make us a good person. Reading is an inevitable in reach a high position.

If we have books with us, we can never feel bored or lonely. Through reading we can change the society. Reading a book is a journey through space and time. Books are greater wealth than currency notes. Each book has its own characters and every books have messages for society

But, now people not realizing the importance of reading. They have no time to reading. But reading gives happiness and knowledge about different things.

We get pleasure from books. So spend time for reading and realize the value of books, don't avoid them.

Ananya X A

# കാലം

സമയത്തിൻ ജീവിത വഴികൾ ക്കായീ
മാറ്റീടുംകാലം ഓ......കാലം
കാലത്തിനൊപ്പം പറന്നിറങ്ങാനായ്
ദേശാടന പക്ഷിയാം ഞാൻ
എത്രയോ വേഗത്തിൽ
പറന്നിറങ്ങീ പറന്നിറങ്ങീ
പറന്നിറങ്ങീ



എത്രയോ വേഗത്തിതല്ല്
പറന്നിറങ്ങീട്ടും
എന്നെ നീ എന്തേ ഒന്നു
നോക്കാതെ
ആരെയോ ആരെയോ
തേടി പോകൂ തേടി പോകൂ




Thank You
#198957313